ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

2025 ഒക്ടോബർ 29-ാം തീയതിയിലെ സ. ഉ (അച്ചടി) നമ്പർ 15/2025/ ട്രാൻസ്. (എസ്.ആർ.ഒ. നം. 1238/2025) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2025-ലെ കേരള മോട്ടാർ വെഹിക്കിൾസ് (അമെന്റ്മെന്റ്) ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് നൽകിയ ഭേദഗതികളുടെ പരിഗണന

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2025-ലെ കേരള മോട്ടാർ വെഹിക്കിൾസ് (അമെന്റ്മെന്റ്) ചട്ടങ്ങൾക്ക് താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. In the fifth para of the principal Rule 91 proposed to be substituted by Rule 2(i) after the words “ owned by State Transport Undertakings” the symbol and words “ , other than motor cars and jeeps owned by such undertakings" shall be inserted.
2. In the proviso to the fifth para in the principal Rule 91 proposed to be substituted by Rule 2(i) after the word "shall" the word "not" shall be inserted.
3. In the second proviso to the principal Rule 92(1) proposed to be inserted by Rule 2(ii)(a) after the words and symbol “ Local Self Government Departments,” the words and symbol “ Public Sector Undertakings,” shall be inserted.
4. In item (iv) of the second proviso to the principal Rule 92(1) proposed to be inserted by Rule 2(ii)(a) before the words

" Quasi Government Institutions," the words and symbol " Public Sector Undertakings," shall be inserted.

5. In item (iv) of the newly added second proviso to the principal Rule 92(1) proposed to be inserted by Rule 2(ii)(a) for the words " above proviso" the words "first proviso" shall be substituted.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം 5 ഭേദഗതി നിർദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നത്. പ്രസ്തുത ഭേദഗതികളിൽ ക്രമ നം. 1, 3, 4, 5 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു. ഭേദഗതി ക്രമ നം. 2 സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുൻ കാലങ്ങളിലെന്നപോലെ സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ സൂക്ഷ്മപരിശോധന നടത്തി കൂടുതൽ വ്യക്തതയോടെ നടപ്പാക്കാൻ പര്യാപ്തമാക്കത്തക്ക വിധത്തിലുള്ള ഭേദഗതി ഇത്തവണയും നിർദേശിച്ച ഡോ. എൻ. ജയരാജിനെ ഒരിക്കൽക്കൂടി ചെയർ അനുമോദിക്കുന്നു.